പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 344 25.6.2018-ൽ മറുപടിയ്ക്ക്

## സംയോജിത കോഴി വളർത്തൽ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ.ബഷീർ<br>,, പി.കെ.അബ്ദു റബ്ബ്<br>,, മഞ്ഞളാംകുഴി അലി<br>ഡോ.എം. കെ. മുനീർ | | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ മന്ത്രി) |
| എ) | കെപ്കോയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും സംയോജിത കോഴി വളർത്തൽ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | സംസ്ഥാനത്തിന് ആവശ്യമായ കോഴിയിറച്ചിയുടെയും കോഴിമുട്ടയുടെയും ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത ആർജിക്കുന്നതിന് കെപ്കോ സംയോജിത മുട്ടക്കോഴി വളർത്തൽ പദ്ധതിയും സംയോജിത ഇറച്ചിക്കോഴി വളർത്തൽ പദ്ധതിയും നടപ്പിലാക്കിയിരുന്നു. എന്നാൽ സംയോജിത ഇറച്ചിക്കോഴി വളർത്തൽ പദ്ധതി മൂലം കമ്പനിയ്ക്ക് നഷ്ടം നേരിട്ടതിനാൽ ടി പദ്ധതി ഉപേക്ഷിച്ചു സംയോജിത ഇറച്ചിക്കോഴി പദ്ധതിയ്ക്ക് പകരം കോൺട്രാക്ട് ഫാമിംഗ്, കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് കൊണ്ടുള്ള ഇറച്ചിക്കോഴി വളർത്തൽ പദ്ധതി എന്നിവയാണ് ഇപ്പോൾ നടപ്പാക്കുന്നത്. സംയോജിത മുട്ടക്കോഴി വളർത്തൽ പദ്ധതി നിലവിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിലാണ് നടപ്പാക്കുന്നത്. ഈ പദ്ധതി മറ്റു ജില്ലകളിലേക്ക് ക്രമേണ വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| ബി)<br><br><br><br>സി) | എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;<br><br>ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള കോഴിയിറച്ചി ന്യായമായ വിലയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?; | ബി)&<br>സി) | സംയോജിത മുട്ടക്കോഴി വളർത്തൽ പദ്ധതിയ്ക്ക് ആവശ്യമായ മുട്ടക്കോഴികളെ ഉല്പാദിപ്പിക്കുന്നത് കെപ്കോയുടെ കീഴിൽ കൊല്ലം ജില്ലയിലെ കൊട്ടിയത്തും, തൃശ്ശൂർ ജില്ലയിലെ മാളയിലും പ്രവർത്തിക്കുന്ന മുട്ടക്കോഴി വളർത്തൽ കേന്ദ്രങ്ങളിലാണ്. ഈ രണ്ടു കേന്ദ്രങ്ങളിലെയും ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഗ്രാമശ്രീ, ഗ്രാമപ്രിയ എന്നീ രണ്ട് ഇനങ്ങൾക്കു പുറമേ ഉല്പാദനശേഷി |

| | | | |
|---|---|---|---|
| | | | കൂടുതലുള്ള ബി.വി.380 ഇനത്തിൽപ്പെട്ട കോഴികളെ മാളയിൽ വളർത്തുന്നു.<br><br>ഇറച്ചിക്കോഴികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി നിലവിലുള്ള ഹാച്ചറികൾ നവീകരിക്കുന്നതിനും പുതിയ ഇറച്ചിക്കോഴി ഫാമുകൾ ആരംഭിക്കുന്നതിനും, കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് സംസ്ഥാന വ്യാപകമായി ഇറച്ചിക്കോഴി വളർത്തൽ പദ്ധതി ആരംഭിക്കുന്നതിനും ആവശ്യമായ നടപടികളെടുത്തിട്ടുണ്ട്. പുറമേ മറ്റു ജില്ലകളിൽ കെപ്കോ ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി കൂടുതൽ കെപ്കോ ഏജൻസികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>ആദ്യ പടിയായി കൊല്ലം ജില്ലയിൽ കെപ്കോ ഏജൻസികൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ